പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിൽ ഒളകര, ട്രൈബൽ സെറ്റിൽമെന്റ് നിവാസികൾ സംയുക്തമായി വനം കയ്യേറുവാൻ ശ്രമിച്ചത് പോലീസ് സേനയുടെ സഹായത്തോടുകൂടി ഒഴിപ്പിക്കുകയും 8 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സൈലന്റ് വാലി ഡിവിഷന്റെ ബഫർ സോൺ മേഖലയിൽ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട (0.220 ഹെ) ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ടി കയ്യേറ്റ ഭൂമി പൂർണ്ണമായി ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അഴുത റെയ്ഞ്ചിൽ ഒരാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുമ്പിനാലെ കയ്യേറിയ വനഭൂമിയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. ഇ. എ. മാധവൻ WP(C) No. 28612/2012 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. കേരള ഹൈക്കോടതിയുടെ 7-4-2014-ലെ വിധിന്യായത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റും വനം വകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുവാനും വിധി വന്നിട്ടുള്ളതാണ്. ഹൈക്കോടതി വിധിയിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നോർത്തേൺ സർക്കിൾ കണ്ണൂരിൽ ആകെ ഉണ്ടായ 868.53 ഹെക്ടർ വനഭൂമി കയ്യേറ്റത്തിൽ 506.694 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്ത 92 കേസ്സുകളിൽ 64 എണ്ണം ഒഴികെ ബാക്കി എല്ലാ കേസ്സുകളിലും കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ ഒരു വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 22 കേസുകളിലായി 7.8630 ഹെക്ടർ സ്ഥലവും മലപ്പുറം ജില്ലയിൽ 4 കയ്യേറ്റങ്ങളിലായി 5.76 ഹെക്ടർ സ്ഥലവും ഒഴിപ്പിച്ചിട്ടുണ്ട്.

സെൻട്രൽ സർക്കിൾ തൃശ്ശൂരിൽ ഉൾപ്പെട്ട ചാലക്കുടി ഡിവിഷനിലെ പരിയാരം റെയ്ഞ്ചിൽ ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്ത ഒരു ഹെക്ടർ സ്ഥലം കയ്യേറി മരങ്ങൾ മുറിച്ചുമാറ്റി ജെ.സി.ബി ഉപയോഗിച്ച് ഭൂമി നിരപ്പാക്കാൻ ശ്രമിച്ചതും തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിലെ തിരുവിലാമലയിലെ 2.50 ഹെക്ടർ, 1.25 ഹെക്ടർ സ്ഥലം കയ്യേറിയതും ഒഴിപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 25 കേസ്സുകളിലായി 174 വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു. 339.9783 ഹെക്ടർ വനഭൂമി തിരിച്ചുപിടിച്ചു.

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷത്തൈകൾ

202 (7765) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഏതെല്ലാം ഫലവൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഹരിതകേരളം, ഹരിതശ്രീ, കുട്ടനാട് പാക്കേജ്, തണ്ണീർത്തട സംരക്ഷണ പദ്ധതി എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലുൾപ്പെടുത്തി വിദ്യാർത്ഥികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റുഡന്റ് സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, റെയിൽവേ, നേവി, ആർമി, യുവജന-രാഷ്ട്രീയ സംഘടനകൾ എന്നിവർ മുഖേന നട്ടുപിടിപ്പിക്കുന്നതിലേക്കായി ഏകദേശം 75-ാളം ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്തുവരുന്നു. ഇതിൽ ആഞ്ഞിലി, അമ്പഴം, ബദാം, കൂവളം, കുടംപുളി, കുളമാവ്, മരോട്ടി, മാതളം, മാവ്, പ്ലാവ്, മുരിങ്ങ, നെല്ലി, ഞാവൽ, പപ്പായ, പേര, പുളി, പുന്ന, റംബൂട്ടാൻ, സീതപ്പഴം, താന്നി, വേപ്പ്, വുഡ് ആപ്പിൾ എന്നീ ഫലവൃക്ഷത്തൈകളും ഉൾപ്പെടുന്നുണ്ട്.

കാലപ്പഴക്കംചെന്ന വഴിയോര മരങ്ങൾ മുറിച്ച് പുതിയ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി

203 (7766) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിൽ നിൽക്കുന്ന കാലപ്പഴക്കംചെന്ന മരങ്ങൾ വീണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് അപകടം/പരിക്കുകൾ സംഭവിച്ചിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ യഥാസമയം മുറിച്ച് മാറ്റാത്തത് കാരണം ആൾനാശം കൂടാതെ വാഹനനാശം മുതലായ മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ മുറിച്ചുമാറ്റി പുതിയ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വഴിയോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലും നിയന്ത്രണത്തിലുമാണ്. അതുകൊണ്ടുതന്നെ കാലപ്പഴക്കം ചെന്നതും ജീവനും